കാസർഗോഡ് എന്നീ നഗരങ്ങളും മറ്റു നഗരങ്ങളിൽ പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിലുമാണ് ഈ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നത്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും പല നഗരസഭകളും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള ക്ലാസ്-1 നഗരങ്ങളിലാണ് മാലിന്യനിർമ്മാർജ്ജനത്തിന് അടിയന്തിര നടപടികൾ വേണ്ടി വരുന്നത്.

(ബി) 1. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി, വർക്കല, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, കൊല്ലം, ആലപ്പുഴ, വൈക്കം, വടകര, കാസർഗോഡ്, കോഴിക്കോട്, കൊയിലാണ്ടി, ചാലക്കുടി, തലശ്ശേരി, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ, കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് എന്നീ നഗരപ്രദേശങ്ങൾക്കുള്ള വിപുലീകരണ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

2. ഡ്രെയിനേജ് പദ്ധതികൾ വിപുലീകരിക്കുന്നതിനും പുതുതായി നടപ്പാക്കുന്നതിനുമായി, ഹഡ്കോയിൽ നിന്നും വിദേശരാജ്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ധനസഹായത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. മാലിന്യ സംസ്ക്കരണത്തിനായി പ്രധാനപ്പെട്ട നഗരസഭകളെല്ലാം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ഗുരുവായൂർ നഗരസഭകളിൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം പുരോഗമിക്കുകയാണ്. ഇത്തരം പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ (BOT) നടപ്പാക്കാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി)

1. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുകയാണ്. കോഴിക്കോട്, ഗുരുവായൂർ, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ഏതാനും മാസങ്ങൾക്കകം ശാസ്ത്രീയ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പ്രവർത്തനമാരംഭിക്കുന്നതാണ്. പാലക്കാട് നഗരസഭയിലും പ്ലാന്റ് സ്ഥാപിക്കാനുള്ള അനുമതി നൽകിക്കഴിഞ്ഞു. മറ്റ് നഗരങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

2. കുടിവെള്ളം/ഡ്രെയിനേജ് പദ്ധതികൾ സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഏറ്റെടുത്ത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്, ഇപ്പോൾ പരിഗണനയിലിരിക്കുന്ന പദ്ധതികൾ നാലു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്നു കരുതുന്നു.

(ഡി)&(ഇ) ഉണ്ട്. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഒഴികെയുള്ള പദ്ധതികൾ, സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി ഘട്ടം ഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വികലാംഗരായവർക്ക് ഉപകരണങ്ങൾ നൽകുന്ന പദ്ധതി

25 (*295) ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗരായവർക്ക് ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വികലാംഗർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തെന്നു വെളിപ്പെടുത്തുമോ;

(സി) വികലാംഗർക്ക് ഏതൊക്കെ ഉപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ വികലാംഗരായവർക്കായുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ വികലാംഗർക്കുള്ള എന്തൊക്കെ ഉപകരണങ്ങളാണ് ഇപ്പോൾ നിർമ്മിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വികലാംഗർക്കായുള്ള ഉപകരണ നിർമ്മാണത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള വികലാംഗരായവർക്ക് പ്രസ്തുത സ്ഥാപനത്തിൽ തൊഴിൽ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) വികലാംഗരായിട്ടുള്ള സ്ത്രീകൾക്ക് മാത്രമായി ഉപകരണ നിർമ്മാണത്തിൽ പരിശീലനം നൽകാനുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 9489 വികലാംഗർക്ക് വിവിധ സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) മൂന്നുവീൽ സൈക്കിൾ, വീൽചെയർ, ക്രച്ചസ്, കൃത്രിമ കൈകാലുകളും കാലിപ്പർ ഷൂസുകളും, ഊന്നുവടി, ശ്രവണസഹായി, വൈറ്റ്കെയിൻ ബെയിൽസ്ലറ്റ്, റീഡിംഗ് ഗ്ലാസ്, കൊളോസ്റ്റമി ബാഗ് മുതലായ ഉപകരങ്ങളാണ് വികലാംഗർക്ക് വിതരണം ചെയ്തിട്ടുള്ളത്.

(ഡി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസുമായി സഹകരിച്ച് വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ നിർമ്മിക്കാനുള്ള ഫാക്ടറി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) സഹായ ഉപകരണങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(എഫ്) ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി മാത്രമേ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാനാവൂ.

(ജി) ഉപകരണ നിർമ്മാണ ഫാക്ടറി തുടങ്ങിയശേഷമേ ഇതെല്ലാം പരിഗണനയിൽ വരൂ.